എൽ.പി

കൂട

കളികൾ

# പ്രവർത്തനം 4

# മേലേ മേലേ



**ഇത് ഒറ്റക്ക് കളിക്കാവുന്ന ഒരു കളിയാണ്.**
നിങ്ങൾക്ക് എത്ര സാധനങ്ങൾ വരെ ഒന്നിന് മുകളിൽ മറ്റൊന്നായി ബാലൻസ് ചെയ്ത് നിർത്താനാകും? എത്ര ഉയരത്തിൽ സാധനങ്ങൾ ബാലൻസ് ചെയ്ത് നിർത്താം? ഒന്ന് ശ്രമിച്ചാലോ?

വീട്ടിൽ ഉള്ള ഏത് സാധനവും എടുക്കാം. (*കുപ്പി ഗ്ലാസും ഭരണിയും ഒക്കെ എടുത്ത് പൊട്ടിച്ചു കളഞ്ഞാൽ സംഗതി പുകിലാകുമേ.* ) ഒന്നിന് മുകളിൽ ഒന്നായി ബാലൻസ് ചെയ്ത് നിർത്തി

ഈ പ്രവർത്തനത്തിന്റെ
വിശദീകരണ വീഡിയോ കാണാം



അറിയാം
നിറയാം
ഉയരാം

യുറീക്ക-ശാസ്ത്രകേരളം
വിജ്ഞാനോത്സവം

# എൽ.പി

## കൂട
കളികൾ

## പ്രവർത്തനം 4



ക്കോളൂ. മേശയുടേയോ കട്ടിലിന്റേയോ അടുത്ത് തറയിലാണ് ചെയ്തു തുടങ്ങുന്നതെങ്കിൽ പൊങ്ങിപൊങ്ങിവരുമ്പോൾ മേശപ്പുറത്തൊക്കെ കയറി നിന്ന് പെറുക്കി വക്കാം. വെക്കേണ്ടത് നിങ്ങൾ തന്നെയാണെങ്കിലും മേശപ്പുറത്തൊക്കെ കേറി നിൽക്കുമ്പോൾ തറയിൽ നിന്നും സാധനങ്ങൾ എടുത്തു തരാൻ മറ്റുള്ളവരുടെ സഹായം തേടാം.

പിന്നെപെറുക്കിവക്കുന്നതിന്റെവീഡിയോ എടുക്കാൻ വീട്ടിൽ ആരെയെങ്കിലും ഏല്പിക്കണേ. എല്ലാം തീർന്ന് കഴിഞ്ഞാൽ ഒരു അവസാന ഫോട്ടോയും ആകാം. **സാധനങ്ങൾക്കൊപ്പം നിങ്ങളും കൂടി നിൽക്കുന്ന ഒരു ഫോട്ടോ. സാധനങ്ങളുടെ എണ്ണവും ആകെ ഉയരവും കുറിച്ചു വക്കണേ.**

അറിയാം
നിറയാം
ഉയരാം

യുറീക്ക-ശാസ്ത്രകേരളം
വിജ്ഞാനോത്സവം